# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2382 | 06.12.2018 - ൽ മറുപടിക്ക് |
|---|---|

### അധിക വിൽപ്പന നികുതിയിലൂടെ ലഭിച്ച വരുമാനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാരിന് നാളിതുവരെ പെട്രോൾ, ഡീസൽ വില വർദ്ധനവിലൂടെ അധിക വിൽപ്പന നികുതി ഇനത്തിൽ ലഭിച്ച വരുമാനം വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പെട്രോൾ, ഡീസൽ വില വർദ്ധനവിലൂടെ പെട്രോളിൽ നിന്ന് 349.83 കോടി രൂപയുടെയും ഡീസലിൽ നിന്ന് 481.84 കോടി രൂപയുടെയും അധിക വരുമാനം 30.11.2018 വരെ ലഭിച്ചു. |
| (ബി) | അധിക വരുമാന നികുതിയുടെ ഒരു ഭാഗം ഉപേക്ഷിക്കാൻ സർക്കാർ തിരുമാനിച്ചിട്ടുണ്ടോ;<br>വിശദമാക്കുമോ; | (ബി) | അധിക വരുമാന നികുതിയുടെ ഒരു ഭാഗം ഉപേക്ഷിച്ച്, സാധാരണക്കാരെ സഹായിക്കുന്നതിന് 01.06.2018 മുതൽ വിലയിൽ ഒരു രൂപായെങ്കിലും കുറയുന്ന രീതിയിൽ സംസ്ഥാന സർക്കാർ നികുതിനിരക്ക് കുറച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>(SRO No. 345/18 തീയതി 31.05.2018). |
| (സി) | പെട്രോൾ, ഡീസൽ വില ജി.എസ്.ടി യിൽ ഉൾപ്പെടുത്താൻ നടപടിയെടുക്കുമോ? | (സി) | പെട്രോളിയം ഉൽപന്നങ്ങളെ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തിയാൽ ഉണ്ടാകുന്ന നികുതി നഷ്ടത്തിന് ഉചിതമായ നഷ്ടപരിഹാരം, ജി.എസ്.ടി. കോമ്പൻസേഷൻ നിയമത്തിൽ ഉൾപ്പെടുത്തി ഈ വിഷയം പരിഗണിക്കാമെന്നാണ് സർക്കാർ നിലപാട്. ഇവയിൽ നിന്നു ലഭിക്കുന്ന വില്പന നികുതി വരുമാനം സംസ്ഥാന സർക്കാരിന്റെ റവന്യൂ വരുമാനത്തിലെ ഗണ്യമായ പങ്കാണ്. |

സെക്ഷൻ ഓഫീസർ